സ്വാമിശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളം ജി-സ്പാർക്ക് സംവിധാനം മുഖേന വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ആർ.ഒ.സി.16335/2017/ഇഡിപി　　　　തിരുവനന്തപുരം. 05.02. 2024

**പരാമർശം:** 1. 17/03/2023 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്.

2. 31/01/2024 ലെ ബോർഡ് തീരുമാനം.

**ഉത്തരവ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിൽ നിന്നുള്ള ജി-സ്പാർക്ക് സംവിധാനം മുഖേന ജീവനക്കാർക്ക് ശമ്പളവിതരണം നടത്തുന്നതിന് നിശ്ചയിച്ചും, ഇതിലേക്ക് ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി ജി-സ്പാർക്കിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഓഫീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയും, ആയത് സംബന്ധിച്ച തുടർ നിർദ്ദേശങ്ങൾ നൽകുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. (പരാമർശം 1).

എന്നാൽ പല ഓഫീസുകളിൽ നിന്നും ജീവനക്കാരുടെ കൃത്യമായ വിവരങ്ങൾ യഥാസമയം നൽകുന്നില്ലായെന്നും ഇക്കാരണത്താൽ ജി-സ്പാർക്ക് മുഖേനയുള്ള ശമ്പളവിതരണ നടപടികൾ ആരംഭിയ്ക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

മേൽ വിഷയം ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. **അടുത്ത സാമ്പത്തിക വർഷാരംഭമായ 2024 ഏപ്രിൽ മാസം മുതൽ ജീവനക്കാരുടെ ശമ്പളം ജി-സ്പാർക്ക് സംവിധാനം മുഖേന മാത്രം വിതരണം ചെയ്യുന്നതിന് തീരുമാനിക്കുന്നു.**
2. **ജീവനക്കാരുടെ വിവരങ്ങൾ കൃത്യമായി ജി-സ്പാർക്കിൽ രേഖപ്പെടുത്തുവാൻ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്ക്, ആയത് ലഭ്യമാക്കിയ ശേഷം മാത്രമേ ശമ്പളം ചെലവെഴുതുവാൻ പാടുള്ളൂ എന്നും തീരുമാനിക്കുന്നു.**

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)

**സെക്രട്ടറി**

**പകർപ്പ്:-**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. സൂപ്രണ്ട് ഓഫ് പൊലീസ്, വിജിലൻസ് & സെക്യൂരിറ്റി
4. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. ലാ ആഫീസർ
7. എക്സിക്യുട്ടീവ് എൻജിനീയർ (ഐടി ഡിവിഷൻ)
8. പേർസണൽ സെക്രട്ടറി to പ്രസിഡന്റ്
9. പേർസണൽ സെക്രട്ടറി to മെമ്പർ 1
10. പേർസണൽ സെക്രട്ടറി to മെമ്പർ 2
11. സെക്ഷൻ ഫയൽ
12. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ,

അസിസ്റ്റന്റ് സെക്രട്ടറി